# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2023-2028

## ഗവ. എൽ.പി. എസ്, കരീപ്ര

കുഴിമതിക്കാട് പി ഒ

ഫോൺ നമ്പർ-0474-2581011

Email- 39306glps@gmail.com

## വെളിയം സബ് ജില്ല

## വെളിയം ബി. ആർ.സി

Approved

AEo veliyam.

## ഉള്ളടക്കം


- ആമുഖം
- സ്കൂൾ രൂപരേഖ
- പൊതുലക്ഷ്യങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം, കാഴ്ചപ്പാട്
- മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം. പ്രവർത്തന പാക്കേജ്
  - ➢ ഭാഷാ വികാസം- മലയാളം, ഇംഗ്ലീഷ്
  - ➢ ഗണിതം
  - ➢ ശാസ്ത്രം

# ആമുഖം

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കരീപ്ര പഞ്ചായത്തിന്റെ ഹൃദയഭാഗത്തായാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1921 ഈ സ്കൂൾ സ്ഥാപിതമായത്. അന്ന് ഓലമേഞ്ഞ ഷെഡിലായിരുന്നു തുടക്കം.1950 ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുത്തു.1955 ൽ സർക്കാർ 4 ക്ലാസ്സ് മുറികളുള്ള കെട്ടിടം അനുവദിച്ചു.1959 ൽ പണി പൂർത്തിയായി. ആദ്യം ഷിഫ്റ്റ് സമ്പ്രദായത്തിലാണ്സ്കൂൾ പ്രവർത്തിച്ചിരുന്നത്.

എന്നാൽ ഇന്ന് ഹൈടെക് സംവിധാനത്തോടുകൂടിയ ഇരുനിലകെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.ബഹുമാനപ്പെട്ട എം. എൽ. എ ശ്രീമതി ഐഷാപോറ്റിയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച ഒരു കോടി രൂപ ഉപയോഗിച്ചാണ് ഈ ബഹുനിലകെട്ടിടം നിർമ്മിച്ചത്. എല്ലാ കുട്ടികൾക്കും പ്രീപ്രൈമറി മുതൽ നാലാംക്ലാസ്സ് വരെ ICT സംവിധാനത്തോടുകൂടിയ ക്ലാസ്സ് മുറികളാണുള്ളത്. പ്രീപ്രൈമറി വിഭാഗത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി.അതിന്റെ ഉത്ഘാടനം 2023 ജൂൺ 1 നടന്നു. അക്കാദമിക രംഗത്തും ഭൗതീകരംഗത്തും മികവാർന്ന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടന്നു വരുന്നത്.

## സ്കൂൾ രൂപരേഖ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ഗവ.എൽ.പി. എസ്, കരീപ്ര |
| പഞ്ചായത്ത് | - | കരീപ്ര |
| വില്ലേജ് | - | കരീപ്ര |
| വാർഡ് നമ്പർ | - | 8 |
| ബ്ലോക്ക് | - | കൊട്ടാരക്കര |
| ബി. ആർ.സി | - | വെളിയം |
| ജില്ല | - | കൊല്ലം |
| ഇമെയിൽ ഐഡി | - | 39306glps@gmail.com |
| ഭൂമിയുടെ അളവ് | - | 50 സെന്റ് |
| സ്കൂൾ സ്ഥാപിതമായ വർഷം | - | 1921 |
| ഹെഡ്മാസ്റ്ററുടെ പേര് | - | അരവിന്ദൻ പി എസ് |
| ഫോൺ നമ്പർ | - | 0474-2581011 |

<u>പൊതുലക്ഷ്യങ്ങൾ</u>

1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട് ഒരോ നിലവാരത്തിനനുസരിച്ച് വായന, ലേഖനം ഈ ശേഷികൾ കുട്ടികൾ നേടുന്നു എന്ന് ഉറപ്പു വരുത്തുന്നു.

2. കുട്ടികളിലെ ശാസ്ത്രീയാഭിരുചി കണ്ടെത്തി പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അവരുടെ പാടവം പ്രകടമാക്കാനുള്ള പ്രാപ്തി ഉണ്ടാക്കുക.

3. എല്ലാ ഗണിതശേഷികളും എല്ലാ കുട്ടികളും ആർജ്ജിക്കുന്നതോടൊപ്പം ഗണിത പ്രശ്നങ്ങൾ വിശകലനംചെയ്ത് അപഗ്രഥനം നടത്തുന്നതിനുള്ള ശേഷി എല്ലാ കുട്ടികളുംനേടുന്നു എന്ന് ഉറപ്പു വരുത്തുക.

4. മാതൃഭാഷയ്ക്ക് പുറമേ ഇംഗ്ലീഷ്ഭാഷയും ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് ഓരോ കുട്ടിയുംനേടുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് ഉതകുന്ന രീതിയിലുള്ള പരിശീലനം കുട്ടികൾക്ക് വിവിധ പ്രവർത്തനങ്ങളിലൂടെ നൽകൽ.

5. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ പരിഗണന നൽകി അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.

6. സമൂഹത്തിൽ അശരണർക്ക് വേണ്ടി ഒരു കൈത്താങ്ങായി നമ്മുടെ കുട്ടികൾ നിലകൊള്ളുമെന്ന് ഉറപ്പുവരുത്തൽ.

7. ലിംഗസമത്വം , ജനാധിപത്യബോധം , സാമൂഹിക വെല്ലുവിളികളെ നേരിടാനുള്ള കഴിവ്, എന്നിവ കുട്ടികൾക്ക് ലഭിച്ചു എന്ന് ഉറപ്പു വരുത്തൽ.

## വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഫലമായി സ്കൂളിന് ഭൗതികരംഗത്തും അക്കാദമിക രംഗത്തും വളരെയേറേ പുരോഗമനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചു.സമർത്ഥരും സ്വർഗ്ഗവാസനയുള്ളവരുമായ കുട്ടികൾ ഈ സ്കൂളിന്റെ കരുത്താണ്. ഇത് പരമാവധി പ്രയോജനപ്പെടുത്തി തനതു പ്രവർത്തനങ്ങൾ കണ്ടെത്തുകയും S.S.G, MPTA, S.M.C എന്നിവരുടെ പിന്തുണയോടുകൂടി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റടുത്തി നടത്തി വരുകയാണ്.

കുട്ടികളുടെ ഭാഷാവികാസമേഖലകൾ പരിപോഷിപ്പിക്കുക, കുട്ടികളിലെ ശാസ്ത്രീയാഭിരുചി കണ്ടെത്തിപുതിയ പുതിയ കണ്ടെത്തലുകളിലേയ്ക്ക് നയിക്കുക, ഗണിതത്തിലെ പ്രയോഗിക പ്രശ്നങ്ങൾ നിർദ്ദാരണം ചെയ്യുന്നതിനുള്ള പ്രാപ്തി നേടുക. പാർശ്വവൽക്കരിക്കപ്പെട്ടവരെ എല്ലാ തലത്തിലും പരമാവധി പ്രാപ്തരാക്കി സമൂഹത്തിൽ ഇടപഴകുന്നതിനുള്ള കഴിവുള്ളവരാക്കുക തുടങ്ങിയ മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രീസ്കൂൾ എന്ന ആശയം പ്രാവർത്തികമാക്കി . പ്രീ സ്കൂൾ കുട്ടികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കലാപ്രവർത്തനങ്ങൾ, കായിക പ്രവർത്തനങ്ങൾ എന്നിവ ഉറപ്പു വരുത്താൻ സാധിക്കുന്നു.

# വിദ്യാലയം മികവിന്റെ പ്രവർത്തന പാക്കേജ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക | - ടീച്ചറും രക്ഷിതാക്കളും പറഞ്ഞുകേട്ട കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.<br>- രക്ഷിതാവിന് കഥ പറയൽ പരിശീലനം<br>- ടീച്ചറും രക്ഷിതാക്കളും ചെറിയ കഥാപുസ്തകങ്ങൾ ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു. | ജൂൺ | അധ്യാപിക<br>രക്ഷകർത്താവ് |
| | - കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു<br>- ക്ലാസ്സ് ലൈബ്രറി ശക്തമാക്കുന്നു<br>കഥാശില്പശാല, ചിത്രകാർഡുകൾ, വായനാകാർഡ് എന്നിവയുടെ നിർമ്മാണശാല | ജൂലൈ | |
| | - ഡിജിറ്റൽ സാധ്യതകളിലൂടെ കഥ കേൾക്കാനും കാണാനും പുനരവതരണത്തിനുമുള്ള സാധ്യത ഒരുക്കൽ | ആഗസ്റ്റ് | |
| | - ചിത്രവായനയ്ക്ക് ധാരാളം അവസരം ( പരിചിതകഥാചിത്രങ്ങൾ)<br>പ്രസക്ത കാര്യങ്ങൾ വാചികമായി പങ്കിടുന്നു<br>ഇവ കുട്ടികളുടെ വാചിക പ്രകടനങ്ങൾ | സെപ്റ്റംബർ | |
| | - ലളിതമായ വായനാകാർഡുകൾ സഹായത്തോടെ വായിക്കുന്നു<br>- കുട്ടികളുടെ സ്വതന്ത്ര കഥപറയൽ | ഒക്ടോബർ | |
| | - ചിത്രകഥയെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു<br>- കുട്ടി സഹായത്തോടെ വായിക്കുന്നു<br>- ടീച്ചർ മുൻകൂട്ടി തയ്യാറാക്കുന്ന കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു | നവംബർ<br>ഡിസംബർ | |

| | | | | |
|---|---|---|---|---|
| | - കുട്ടികൾ വായിക്കുന്നു<br><br>- ചെറിയ ബാലസാഹിത്യകൃതികൾ ക്ലാസ്സ് ലൈബ്രറിയിൽ ഒരുക്കുന്നു<br>- കുട്ടികൾ രക്ഷിതാവിന്റെ പിന്തുണയോടെ വായിക്കുന്നു<br>- ചിത്രകഥാപുസ്തകം വായിക്കുന്നു.<br>- എല്ലാ മാസവും ബാലസാഹിത്യകൃതികൾ തത്സമയ നിർമ്മിതികൾ വായിക്കുന്നു<br>- ക്ലാസ്സ് ലൈബ്രറിയിലെ 20 പുസ്തകങ്ങളെങ്കിലും ഒരോ കുട്ടിയും വായിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നു.<br>- ചിത്രവായന<br>- ചിത്രകാർഡ് നിർമ്മാണം, ചിത്രവും പദവും ഉൾക്കൊണ്ടത്<br><br>- രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കൽ<br>- പ്രാദേശിക വിദഗ്ധർ | ജനുവരി<br><br>ഫെബ്രുവരി<br><br>ജൂൺ | | |

| | | | |
|---|---|---|---|
| മൂന്നാം ക്ലാസ്സിലെ കുട്ടികളെ മികച്ച ഭാഷയിൽ എഴുതുന്നതിനും ഒഴുക്കോടെ സ്വതന്ത്ര വായന നടത്തുന്നതിനും കൃത്യമായ സന്ദർഭങ്ങളിൽ വേണ്ട വിധം ഭാഷാശേഷി നേടുന്നതിനുള്ള പ്രാപ്തി നേടുക | - കഥ ഊഹിച്ചു പറയൽ<br>- കഥ പൂർത്തിയായാൽ (പറയലും എഴുതലും)<br>- ചരത്തുകളി<br>- പാവനാടകം<br>- രക്ഷിതാക്കളുടെ ഭാഷണത്തിനുള്ള വീട്ടിലെ അവസരം<br>- ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ<br>- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ (രക്ഷിതാക്കളുടെ സഹായത്തോടെ)<br>- വായിച്ച കഥയെ വിവിധ വ്യവഹാരരൂപങ്ങളാക്കൽ<br>- വീട്ടു ലൈബ്രറി ഒരുക്കൽ<br>- കഥാപൂരണം മിശ്രപഠനരീതിയുടെ സാധ്യത<br>- പാട്ടരങ്ങ്, പ്രകൃതിനടത്തം, യാത്രാവിവരണം, വായിച്ച പുസ്തകത്തിലെ ആശയം ഇഷ്ടമുള്ള രീതിയിൽ രംഗാവിഷ്കാരം നടത്തൽ<br>- വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട വായന പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്നും തെരഞ്ഞെടുത്തു ക്ലാസ് ലൈബ്രറി ക്രമീകരിക്കുന്നു.<br>- വായനക്കാർഡ് നിർമ്മാണം<br>- വായനയിലെ നിലവിലെ അവസ്ഥ രേഖപ്പെടുത്തൽ<br>- വായനയിലെ പിന്നാക്കക്കാരെ കണ്ടെത്തുന്നു.<br>- തെരഞ്ഞെടുത്ത പുസ്തകങ്ങൾ രക്ഷിതാക്കൾക്ക് കൈമാറൽ | ജൂലൈ<br>ആഗസ്റ്റ്<br>സെപ്റ്റംബർ-ഫെബ്രുവരി<br>ജൂൺ<br>ജൂലൈ | അധ്യാപകർ രക്ഷിതാക്കൾ പ്രാദേശിക വിദഗ്ധർ |

| | | | | |
|---|---|---|---|---|
| മികച്ച ഭാഷയിൽ രചനകൾ നടത്തുന്നതിനും അനുയോജ്യമായ സന്ദർഭങ്ങളിൽ പ്രകടിപ്പിക്കുന്നതിനും ഓരോ ക്ലാസ്സിലെ കുട്ടികളെ പ്രാപ്തരാക്കുക | - രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ (വായന, ലേഖന പ്രവർത്തനങ്ങൾ ഓരോ പാഠഭാഗത്തിലും രൂപപ്പെടുത്തുന്നു)<br>- രചനകൾ പ്രകടിപ്പിക്കാനവസരം (ശില്പശാല)<br>- വിദ്യാരംഗം - സർഗവേള<br>- നവമാധ്യമങ്ങളിൽ സൃഷ്ടികൾ അയക്കൽ | ജൂൺമുതൽ ഫെബ്രുവരി വരെ | അധ്യാപകർ<br>രക്ഷിതാവ്<br>പ്രാദേശിക വിദഗ്ധർ | |
| | - ക്ലാസ്സിലെ വിവിധ ആശയങ്ങളുമായി ബന്ധപ്പെട്ട വായനാ പുസ്തകങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ | ഒക്ടോബർ മുതൽ ഫെബ്രുവരി വരെ | | |
| | - വിവിധ നിലവാരത്തിലുള്ള വായനക്കാർഡ് നിർമ്മാണം<br>- വായനയിലെ വിവിധ നിലവാരക്കാരെ കണ്ടെത്തൽ<br>- നിലവാരം മെച്ചപ്പെടുത്തൽ. | ജൂൺ ജൂലൈ | | |
| | - ഓരോ പാഠഭാഗവും പൂർത്തിയാകുമ്പോൾ അവരവരുടെ രചനകൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>- സാമൂഹിക പങ്കാളിത്തത്തോടെ ശില്പശാല സംഘടിപ്പിക്കുന്നു. ([illegible] നിർമ്മിതി നടത്തി) | ആഗസ്റ്റ്മുതൽ ഡിസംബർ വരെ | | |
| | - വിദ്യാരംഗം നവമാധ്യമസൃഷ്ടികൾ ഇവയിൽ പ്രസിദ്ധീകരിക്കാനുള്ള സാഹചര്യം ഒരുക്കുന്നു.<br>- മാഗസിൻ നിർമ്മാണം | ജനുവരി ഫെബ്രുവരി | | |

| | | | |
|---|---|---|---|
| കുട്ടികളിലെ ശാസ്ത്രീയാഭിരുചി കണ്ടെത്തി പരീക്ഷനിരീക്ഷണങ്ങളിലൂടെ അവരുടെ പാടവം പ്രകടമാക്കാനുള്ള പ്രാപ്തി ഉറപ്പാക്കലും | - ജൈവവൈവിധ്യ പാർക്ക് പരിഷ്ക്കരിക്കൽ<br>- സസ്യങ്ങളുടെ നിരീക്ഷണം പേര് കണ്ടെത്തൽ നോട്ടുബുക്കിൽ രേഖപ്പെടുത്തൽ (I toIV)<br>- ഇലകളുടെ തരം തിരിക്കുന്നു. ഹെർബേറിയം തയ്യാറാക്കുന്നു (III to IV)<br>- ചെടിയുടെ വിവിധ ഭാഗങ്ങൾ കണ്ടെത്തുന്നു.<br>- ധർമ്മങ്ങൾ കണ്ടെത്തുന്നു<br>- വിത്ത് മുളപ്പിക്കൽ, വിവിധ വളർച്ചാഘട്ടങ്ങൾ കണ്ടെത്തൽ, രേഖപ്പെടുത്തൽ(III to IV)<br>- ജലസസ്യങ്ങൾ പരിചയപ്പെടുത്തൽ( ജൈവവൈവിധ്യ പാർക്ക്)<br>- സ്കൂളിലൊരു ഉദ്യാനം (II)<br>- വിവിധ നടീൽ വസ്തുക്കൾ ശേഖരിക്കുന്നു. നടാൻ ഉപയോഗിക്കുന്ന ഭാഗങ്ങൾ അനുസരിച്ച് സസ്യങ്ങളെ തരംതിരിക്കുന്നു. ജൈവവൈവിധ്യ ഉദ്യാനം മെച്ചപ്പെടുത്തുന്നു. (III IV)<br>- സസ്യങ്ങളെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുന്നു. ശാസ്ത്ര ക്ലബിൽ അവതരിപ്പിക്കുന്നു<br>- പതിപ്പ് തയ്യാറാക്കുന്നു (III to IV)<br>- ശാസ്ത്ര നിഘണ്ടു തയ്യാറാക്കൽ<br>- ശാസ്ത്ര പദങ്ങൾ കണ്ടെത്തുന്നു<br>- ഒരോ പാഠവുമായി ബന്ധപ്പെട്ട ശാസ്ത്രപദങ്ങൾ കണ്ടെത്തുന്നു<br>- ശാസ്ത്രീയ നിർവ്വചനങ്ങൾ | ജൂൺ<br>ജൂലൈ<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ<br>ഡിസംബർ<br>ജൂൺ<br>ഫെബ്രുവരി<br>ജൂൺ - ഫെബ്രുവരി | |

| | | | |
|---|---|---|---|
| പ്രകൃതിയെ സംരക്ഷിക്കുന്നതിനും പ്രകൃതിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും അനുയോജ്യമായ മനോഭാവം വളർത്തിയെടുക്കൽ | - ലഘു പരീക്ഷണങ്ങൾ ചേർന്ന അസംബ്ലി<br>- പ്രകൃതിയെ വികൃതമാക്കല്ലെ<br>- പത്ര വാർത്തകൾ വീഡിയോക്ലിപ്പിംഗ് എന്നിവയിലൂടെ പ്രകൃതി ദുരന്തത്തെക്കുറിച്ചുള്ള അവബോധം കുട്ടികളിലെത്തിക്കുന്നു- ബാലസഭകളിൽ ഇവ ഉൾക്കൊള്ളിച്ചുള്ള ചർച്ചകൾ, ക്വിസ് മത്സരങ്ങൾ, കൊളാഷ് നിർമ്മാണം, അവതരണം | ജൂൺ- ജൂലൈ | |
| മൂർത്താനുഭവങ്ങളിലൂടെ ഒന്നു മുതൽ 100 വരെയുള്ള സംഖ്യബോധം ഉറപ്പിക്കൽ | - ഗണിത കിറ്റ് തയ്യാറാക്കൽ ( വീട്ടിലും സ്കൂളിലും -I, II)<br>- ഗണിത കിറ്റുകളുടെ സഹായത്തോടെ സംഖ്യബോധം ഉറപ്പിക്കൽ (1-20 ( I ) (1-100(II)<br>- സംഖ്യവ്യഖ്യാനം<br>- പാറ്റേൺ കണ്ടെത്തൽ<br>- ലഘു പ്രശ്നാപഗ്രഥനം ( സങ്കലനം, വ്യവകലനം ഉൾപ്പെട്ടത്)<br>- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ | ആഗസ്റ്റ് - ഫെബ്രുവരി | |
| ഗണിത പഠനത്തെ ഉല്ലാസപ്രദവും ആകർഷകവുമാക്കി മുഴുവൻ കുട്ടികൾക്കും ഗണിത ശേഷി ഉറപ്പാക്കുക | - സംഖ്യാവ്യാഖ്യാനം<br>- പാറ്റേൺ കണ്ടെത്തൽ<br>- ചതുഷ്ക്രിയകൾ നിർദ്ധാരണം ചെയ്യൽ<br>- ഗണിത വിജയം പ്രവർത്തനങ്ങൾ<br>- മന:ഗണിതം പ്രോത്സാഹിപ്പിക്കാൻ അവസരം | | |

| | | | | |
|---|---|---|---|---|
| To improve the presentation power of the pupil and develop the writing skills of the pupil | Fill up the stories<br>Write missing letters<br>Write simple sentence about pictures<br>Add more lines<br>Std III & IV<br>- News paper reading<br>- Library book reading, review<br>- Conversations<br>- Skits and stories<br>- Read and write diary<br>- Reads letters from friends<br>- Announcement<br>- Proclamation<br>- Notice<br>- School Radio<br>- Making magazines<br>- Classroom post office<br>- English Assembly | September to February<br>June to August<br>September to February | | |

| | | | |
|---|---|---|---|
| ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ<br><br>ചോദ്യങ്ങൾ സ്വയം അപഗ്രഥിക്കാനുള്ള ശേഷി. | - ഗണിതോപകരണ നിർമ്മാണം (ഗണിത ശില്പശാല)<br>- ഗണിതകിറ്റ് വിപുലീകരിക്കൽ (വീട്ടിലും സ്കൂളിലും)<br>- ഗണിത ശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>- ഗണിത ഗ്രാമം തയ്യാറാക്കൽ<br>- ഗണിതപ്പതിപ്പ് തയ്യാറാക്കൽ<br>- കുസൃതിക്കണക്ക്, ഗണിതകേളികൾ അവതരണം | | |
| English.<br><br>To develop listening skills and reading skills.<br><br>To speak read and write English without any mistake | Std I & II<br><br>Picture reading (Showing different pictures familiar to them and ask them to say about it, animal, bird etc.)<br><br>Showing videos and ask them simple questions.<br><br>Role play, conversation, use ICT facilities.<br><br>Make words with letters.<br><br>Make sentence with simple words.<br><br>Use reading cards, story chart, Descriptions using pictures. | June<br><br>July<br><br>August | Teacher |

| | | | | |
|---|---|---|---|---|
| | -I will help him –for slow learns<br>- Sudden speech<br>-Developing ideas with the help of pictures about stories | 2023 to August | HMClass teacher | |
| സമ്പൂർണ്ണ ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക | എല്ലാ ക്ലാസ്സിലും കമ്പ്യൂട്ടർ സംവിധാനവും ഇന്റർനെറ്റ് അധിഷ്ഠിത പഠന സംവിധാനവും ഒരുക്കുന്നു<br><br>പ്രൊജക്ടർ ഉപയോഗിച്ച് സ്കൂൾ കലോത്സവങ്ങൾ, ചരിത്രസംഭവങ്ങൾ, കവിയരങ്ങുകൾ ഇവ ക്ലാസ്സിൽ ഇരുന്ന് കാണാൻ സൗകര്യം ഒരുക്കുന്നു<br><br>വർക്ക് ഷീറ്റുകൾ ഓരോ പാഠത്തിനനുസരിച്ച് കുട്ടികൾക്ക് ലഭ്യമാക്കൽ<br><br>മിശ്രപഠന രീതിക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഓരോ വിഷയത്തിനും നൽകുന്നു | ജൂൺ മുതൽ ഫെബ്രുവരി | | |
| പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളെ മുഖ്യധാരയിലെത്തിക്കുക | ചങ്ങാതിക്കൂട്ട്<br>പിന്നോക്കം നിൽക്കുന്നകുട്ടികളെ സഹായിക്കുന്നതിനായി കൂട്ടുകാർ തന്നെ ചുമതല ഏൽക്കുന്നു. അഭ്യസ്തവിദ്യരായ അമ്മമാരുടെ സഹായങ്ങൾ തേടുന്നു. പഠന വീട്സംഘടിപ്പിക്കുന്നു | | | |